ശ്രീ. പാലോളി മുഹമ്മദ്കുട്ടി: ബഹുമാനപ്പെട്ട അംഗം പറയുന്നതുപോലെ വേഗത പോരാ എന്നുള്ളത് സമ്മതിക്കുന്നു. പക്ഷേ ആ വേഗത പോരാ എന്ന് പറയുമ്പോൾ കേരളത്തെ സംബന്ധിച്ചിടത്തോളം ചില പ്രശ്നങ്ങളുള്ളത് നമ്മൾ കാണണം. ഈ പദ്ധതിക്ക് സ്ഥലമെടുക്കുന്നതിന് ആദ്യഘട്ടത്തിൽ കാലതാമസം ഉണ്ടായിരുന്നു. അതുപോലെതന്നെ ഈ പ്രവൃത്തി നടക്കുന്ന ഘട്ടത്തിൽ ജനങ്ങളിൽനിന്ന് വരുന്ന എതിർപ്പുമുണ്ട്. ഇതെല്ലാം പരിഹരിച്ചുകൊണ്ട് ഇപ്പോൾ പ്രവർത്തനങ്ങൾ മുന്നോട്ട് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഏതാണ്ട് മുപ്പത് ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചു. ബാക്കിയുള്ളത് അനുവദിക്കപ്പെട്ട കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

ശ്രീ. കെ. എം. മാണി : 90 പാക്കേജുകളിൽ 37 എണ്ണം മാത്രമാണ് പണി തുടങ്ങാൻ കഴിഞ്ഞത്. വാങ്ങിയ തുകയ്ക്കു പോലുമുള്ള പാക്കേജുകൾ തയ്യാറാക്കി പണി തുടങ്ങാൻ കഴിഞ്ഞിട്ടില്ലെങ്കിൽ ഇത് വളരെ കുറ്റകരമായ അനാസ്ഥയാണ്. പദ്ധതി നിർവ്വഹണ രംഗത്തുണ്ടായിരിക്കുന്ന പാളിച്ചകളെ സംബന്ധിച്ച് ഒരു അന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പാലോളി മുഹമ്മദ്കുട്ടി: പദ്ധതി നിർവ്വഹണത്തെ സംബന്ധിച്ചിടത്തോളം ഞാൻ ഇവിടെ പറഞ്ഞു. പാളിച്ചകൾ അല്ല. കാലതാമസം വരുന്നതിന്റെ കാരണങ്ങൾ പരിശോധിച്ച് അത് പരിഹരിക്കുന്നതിനുവേണ്ടി അതത് വർഷം തന്നെ ഗവൺമെന്റ് ഇടപെടുന്നുണ്ട്.

കെട്ടിട നിർമ്മാണ ചട്ടത്തിന്റെ പരിധിയിൽനിന്ന് പഞ്ചായത്തുകളെ ഒഴിവാക്കൽ

4(*34) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളെ കെട്ടിട നിർമ്മാണ ചട്ടത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) 2007 ജൂൺ മുതൽ ഗ്രാമ പഞ്ചായത്തുകളിലും ബാധകമാക്കിയ കെട്ടിട നിർമ്മാണ ചട്ടത്തിന്റെ പരിധിയിൽനിന്ന് പഞ്ചായത്തുകളെ ഒഴിവാക്കുന്നുണ്ടെങ്കിൽ അതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(സി) ഭൂമിയുടെ തരം നിശ്ചയിക്കുന്നതിനായി പഞ്ചായത്തുകളിൽ രൂപീകരിക്കേണ്ട നെൽവയൽ തണ്ണീർത്തട പ്രാദേശിക നിരീക്ഷണ സമിതി സംസ്ഥാനത്ത് എത്ര പഞ്ചായത്തുകളിൽ ഇതിനകം രൂപീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സമിതി ഇതിനകം രൂപീകരിക്കാത്തതു കാരണം വീട് നിർമ്മാണത്തിനും മറ്റും അനുമതി ലഭിക്കാതെ സാധാരണ ജനങ്ങൾ അനുഭവിക്കുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി): സർ,

(എ&ബി) പഞ്ചായത്തുകൾക്ക് മാത്രമായി പ്രത്യേക കെട്ടിട നിർമ്മാണ ചട്ടങ്ങൾ തയ്യാറാക്കി നടപ്പിലാക്കുന്നതുവരെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് ആണ് എല്ലാ ഗ്രാമങ്ങളിലും നടപ്പിലാക്കിയിട്ടുള്ളത്. 6-6-2007-ൽ എല്ലാ പഞ്ചായത്തിലും പ്രസ്തുത ചട്ടങ്ങൾ ബാധകമാക്കുന്നതിന് മുമ്പുതന്നെ കേരളത്തിലെ 182 ഗ്രാമ പഞ്ചായത്തുകളിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ബാധകമാക്കിയിരുന്നു. പഞ്ചായത്തുകൾക്കു മാത്രമായി, പഞ്ചായത്തിന്റെ സ്വഭാവം കണക്കിലെടുത്ത് പ്രത്യേകം ചട്ടങ്ങൾ തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. അവയിൽ സിംഗിൾ ഫാമിലി റെസിഡൻഷ്യൽ ബിൽഡിംഗ്, ചെറുകിട കച്ചവട സ്ഥാപനങ്ങൾ, ചെറുകിട/പരമ്പരാഗത വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയവയെ പെർമിറ്റിൽനിന്നും ഒഴിവാക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ പരിഗണനയിലുണ്ട്.

(സി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം സെക്ഷൻ 5 പ്രകാരം സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും പ്രാദേശികതല നിരീക്ഷണ സമിതി രൂപീകരിച്ചുകൊണ്ട് കൃഷി വകുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ബാധകമല്ല.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, ആരാധനാലയങ്ങൾ നിർമ്മിക്കാനും പുതുക്കിപ്പണിയാനും അറ്റകുറ്റപ്പണികൾ നടത്താനുമൊക്കെ കളക്ടറുടെ അല്ലെങ്കിൽ ജില്ലാ ഭരണകൂടത്തിന്റെ അനുമതി വേണമെന്ന ഒരു നിർദ്ദേശം കേന്ദ്ര സർക്കാരിൽ നിന്ന് ഈ സർക്കാരിന് ലഭിച്ചിട്ടുണ്ടോ? അത് വ്യക്തമാക്കാമോ?

ശ്രീ. പാലോളി മുഹമ്മദ്കുട്ടി: സംസ്ഥാനത്ത് പൊതുവിൽ നില നിൽക്കുന്ന ആരാധനാലയങ്ങൾ സ്ഥാപിക്കുന്ന ഘട്ടത്തിൽ പരാതികളും പ്രതിഷേധങ്ങളും ഉയർന്നുവരുന്നു എന്നുള്ളതുകൊണ്ട് അനുമതി വാങ്ങുന്നതിനു മുമ്പായി കളക്ടറുടെ കൂടി സമ്മതം വേണമെന്നുള്ള നിലയിലാണ് വന്നിട്ടുള്ളത്. അങ്ങനെ പഞ്ചായത്തുകൾക്ക് അനുവാദം കൊടുക്കണമെന്നുണ്ടെങ്കിൽ കളക്ടറുടെ അനുമതി കിട്ടണമെന്നുള്ള അവസ്ഥയുണ്ട്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: ആരാധനാലയങ്ങളുടെ നിർമ്മാണത്തിന് ജില്ലാ ഭരണകൂടത്തിന്റെ അനുമതി ആവശ്യമില്ല. അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിമാർ അനുമതി നൽകിയാൽ മതിയെന്ന് 24-12-2009-ൽ ഹോം സെക്രട്ടറി ഒരു കത്ത് അയച്ചതിന്റെ വ്യക്തമായ രേഖയും ലഭ്യമായിട്ടുണ്ട്. കഴിഞ്ഞ തവണ സഭയിലും അങ്ങ് ഇതുപോലെയാണ് സബ്മിഷനും മറ്റുമൊക്കെ മറുപടി നൽകിയത്. അത് ബഹുമാനപ്പെട്ട സ്പീക്കറുടെ ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നതാണ്. ഇങ്ങനെ തെറ്റായ ഒരു മറുപടി നൽകുന്നത് എന്തുകൊണ്ടാണെന്ന് മനസ്സിലാകുന്നില്ല. ഹോം സെക്രട്ടറി നൽകിയ ഉത്തരവ് അങ്ങയുടെ ശ്രദ്ധയിൽപ്പെടാത്തതുകൊണ്ടാണോ എന്നുള്ളത് അങ്ങ് വിശദീകരിക്കാമോ? .

ശ്രീ. പാലോളി മുഹമ്മദ്കുട്ടി: കേരളത്തിൽ ഇതുസംബന്ധിച്ച് പല സ്ഥലത്തും പ്രശ്നങ്ങൾ ഉയർന്നുവന്ന സാഹചര്യത്തിലാണ് കളക്ടർമാരുടെ കൂടി പരിശോധന കഴിഞ്ഞ് റിസൾട്ട് കിട്ടുന്ന മുറയ്ക്ക് അനുവാദം കൊടുക്കുന്നതാണ് നല്ലതെന്ന് തീരുമാനിച്ചത്. പല സ്ഥലത്തും ക്രമസമാധാന പ്രശ്നങ്ങൾ ഉയർന്നു വരികയാണ് എന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് ഇത് ചെയ്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly